ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 27.11.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1) രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിൽ ഇന്ത്യൻ സായുധസേനകൾ നിർണായക പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.

   Indian Armed Forces play a major role in safeguarding the country's sovereignty says President Droupadi Murmu.

2) ഇന്ത്യൻ ബഹിരാകാശ മേഖല ആഗോള നിക്ഷേപകരുടെ ആകർഷക കേന്ദ്രമായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Indian space sector is becoming an attractive destination for global investors, says Prime Minister Narendra Modi.

3) കേരളത്തിൽ, തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമായി; രണ്ട് ഘട്ട തിരഞ്ഞെടുപ്പിനായി ഒരുങ്ങുന്നത് 33,000 ൽ അധികം പോളിംഗ് സ്റ്റേഷനുകൾ.

   In Kerala, campaigning for local body elections intensifies; over 33,000 polling stations gear up for two-phase elections.

4) ആധാർ ഡാറ്റാബേസിന്റെ കൃത്യത നിലനിർത്തുന്നതിനായി മരണപ്പെട്ട രണ്ട് കോടിയിലധികം വ്യക്തികളുടെ ആധാർ നമ്പറുകൾ പ്രവർത്തനരഹിതമാക്കി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ.
UIDAI deactivates over 2 crore Aadhaar numbers of deceased individuals as part of nationwide clean-up efforts.

5) ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ അന്താരാഷ്ട്ര ട്രേഡ് ഫെയറിന് ഇന്ന് സമാപനമാകും.
India International Trade Fair 2025 to conclude today at Bharat Mandapam in New Delhi.

6) ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് നാളെ തിരശീല വീഴും; പ്രേക്ഷക ശ്രദ്ധ പിടിച്ചുപറ്റി മലയാള ചിത്രങ്ങൾ.
Indian International Film Festival will end tomorrow; Malayalam films capture the audience's attention.

***************

**Prez - Chanakya (Intro)**

രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിൽ ഇന്ത്യൻ സായുധസേനകൾ നിർണായക പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യാതിർത്തികൾ ശക്തിപ്പെടുത്തുന്നതിനു പുറമേ, അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി, വിനോദസഞ്ചാരം, വിദ്യാഭ്യാസം എന്നിവയിലൂടെ അതിർത്തിമേഖലകളിലെ വികസനത്തിന് സൈന്യം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. ഇന്ത്യൻ കരസേനയുടെ ചാണക്യ

പ്രതിരോധ സെമിനാറിന്റെ മൂന്നാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീമതി മുർമു.

(ഹോൾഡ് വോയ്സ്)

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം, സമാധാനം കാത്തുസൂക്ഷിക്കാനുള്ള ഇന്ത്യയുടെ ധാർമ്മിക ഉത്തരവാദിത്തത്തിന്റെയും ഉറച്ച നിലപാടിന്റെയും തെളിവാണെന്നും രാഷ്ട്രപതി പറഞ്ഞു.

***************

## PM – SKYROOT CAMPUS (INTRO)

ഇന്ത്യയുടെ ബഹിരാകാശ മേഖല ആഗോള നിക്ഷേപകർക്ക് ആകർഷകമായ ഒരു കേന്ദ്രമായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി കാമ്പസ് ഉദ്ഘാടന വേളയിൽ വീഡിയോ കോൺഫറൻസിലൂടെ സംസാരിക്കുകയായിരുന്നു അദ്ദേഹം. വരും വർഷങ്ങളിൽ ആഗോള ബഹിരാകാശ സമ്പദ്‌വ്യവസ്ഥ പലമടങ്ങ് വളരുമെന്നും രാജ്യത്തെ യുവാക്കൾക്ക് പുതിയ അവസരങ്ങൾ തുറക്കുമെന്നും ശ്രീ മോദി അഭിപ്രായപ്പെട്ടു. കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ ഇന്ത്യ തങ്ങളുടെ ബഹിരാകാശ മേഖലയെ സഹകരണപരവും നൂതനാശത്താൽ നയിക്കപ്പെടുന്നതുമായ ഒരു ആവാസവ്യവസ്ഥയാക്കി മാറ്റിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

***************

## PRESIDENT ODISHA ASSEMBLY

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഒഡീഷ നിയമസഭയെ അഭിസംബോധന ചെയ്യും. ഒഡീഷ നിയമസഭയുടെ ശൈത്യകാല സമ്മേളനത്തിന്റെ ഭാഗമായാണ് അഭിസംബോധന. 2000, 2004 വർഷങ്ങളിൽ ഒഡിഷയിലെ റായ് രംഗ്പൂരിൽ നിന്നുള്ള നിയമസഭാംഗമായിരുന്നു ശ്രീമതി മുർമു. നിയമസഭാംഗമായും മന്ത്രിയായും ഒഡിഷയിൽ

സേവനമനുഷ്ഠിച്ച ശ്രീമതി മുർമു ഝാർഖണ്ഡ് ഗവർണറായും ചുമതല നിർവ്വഹിച്ചുണ്ട്..

***************

## PM AMBEDKAR UNESCO

ഭരണഘടനാ ദിനത്തിൽ പാരീസിലെ യുനെസ്കോ ആസ്ഥാനത്ത് ഡോ.ബാബാസാഹേബ് അംബേദ്കറുടെ പ്രതിമ അനാച്ഛാദനം ചെയ്തതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിമാനം പ്രകടിപ്പിച്ചു. ഭരണഘടനാ നിർമ്മാണത്തിൽ അംബേദ്കർ വഹിച്ച പങ്കിനുള്ള ഉചിതമായ ശ്രദ്ധാഞ്ജലിയാണ് ഇതെന്നും അദ്ദേഹത്തിന്റെ ആദർശങ്ങൾ ഏവർക്കും ശ ക്തിയും പ്രതീക്ഷയും നൽകുന്നുമെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു .

***************

## UIDAI – AADHAR DEACTIVATION

ആധാർ ഡാറ്റാബേസിന്റെ കൃത്യത നിലനിർത്തുന്നതിനായി രാജ്യവ്യാപകമായി നടത്തുന്ന പരിശ്രമത്തിന്റെ ഭാഗമായി മരിച്ച രണ്ട് കോടിയിലധികം വ്യക്തികളുടെ ആധാർ നമ്പറുകൾ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ പ്രവർത്തനരഹിതമാക്കി. ഒരു ആധാർ നമ്പറും മറ്റൊരു വ്യക്തിക്ക് ഒരിക്കലും പുനർനിയമിക്കില്ലെന്നും **UIDAI** അറിയിച്ചു. സാധ്യതയുള്ള തിരിച്ചറിയൽ തട്ടിപ്പും അനധികൃത ഉപയോഗവും തടയുന്നതിനാണ് നടപടി. അതേസമയം, മരണ സർട്ടിഫിക്കറ്റ് നേടിയ ശേഷം കുടുംബാംഗങ്ങളുടെ മരണം മൈ ആധാർ പോർട്ടലിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്.

***************

## NAVY DAY–President kerala

രാഷ്ട്രപതി ദ്രൗപതി മുർമു ഡിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. നാവിക ദിനത്തോട് അനുബന്ധിച്ച് അന്നേ ദിവസം ശംഖുമുഖം ബീച്ചിൽ

നടക്കുന്ന നാവികസേനാ ശക്തി പ്രകടനത്തിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും. തുടർന്ന് രാജ്ഭവനിൽ എത്തുന്ന രാഷ്ട്രപതി ഡിസംബർ നാലിനു രാവിലെ ഡെൽഹിക്കു മടങ്ങും. അതേസമയം നാവികസേനാ ദിന ആഘോഷങ്ങൾക്ക് മുന്നോടിയായി ഈ മാസം 29 നും ഡിസംബർ ഒന്നിനും ഉച്ചകഴിഞ്ഞ് ശംഖുമുഖം ബീച്ചിൽ ഫുൾ ഡ്രസ് റിഹേഴ്സൽ നടക്കും.

***************

## Kerala -Election

രണ്ട് ഘട്ടമായി നടക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിനായി കേരളത്തിൽ 33,711 പോളിംഗ് സ്റ്റേഷനുകൾ ഒരുങ്ങുന്നു. ത്രിതല പഞ്ചായത്തുകളിൽ 28,127, മുനിസിപ്പാലിറ്റികളിൽ 3,569, കോർപ്പറേഷനുകളിൽ 2015 ഉം പോളിംഗ് സ്റ്റേഷനുകളുമാണുള്ളത്. പോളിംഗ് സ്റ്റേഷനുകളിലും പരിസരങ്ങളിലും പൂർണ്ണമായും ഹരിതചട്ടം പാലിക്കണമെന്നതുൾപ്പടെയുള്ള മാർഗനിർദേശങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. ഡിസംബർ 9, 11 തീയതികളിലാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 നു നടക്കും.

***************

## Kerala -election campaign

കേരളത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വോട്ടർമാരെ നേരിൽ കണ്ടുള്ള പ്രചാരണത്തിലാണ്. സ്ഥാനാർത്ഥികൾക്കായി മുതിർന്ന നേതാക്കളും പ്രചാരണ രംഗത്ത് സജീവമാണ്.

***************

## SIR-KERALA

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി കേരളത്തിൽ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം ഒരു കോടി 37 ലക്ഷത്തി 36,737

ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. വിതരണം ചെയ്ത ഫോമുകളുടെ 49.32 ശതമാനമാണിത്. 100 ഫോമുകളിൽ താഴെ ഡിജിറ്റൈസ് ചെയ്ത BLO മാരുമായി സംസാരിച്ച് അവരുടെ പ്രശ്നങ്ങൾ മനസിലാക്കിയതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

***************

## CM-KERALA

വന്യജീവി സംരക്ഷണ ഭേദഗതി ബില്ലിന് അനുമതി ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തണമെന്ന് എം പിമാരുടെ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ. 2025 ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുവാൻ രാഷ്ട്രപതിയുടെ അനുമതി ആവശ്യമാണ്. ഇത് എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

***************

## Labour Code

നാല് പുതിയ തൊഴിൽ കോഡുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര വിജ്ഞാപനത്തിൻറെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ തൊഴിലാളി സംഘടനകളുമായി തൊഴിൽമന്ത്രി വി ശിവൻകുട്ടി ചർച്ച നടത്തുന്നു. ഓൺലൈനായാണ് ചർച്ച സംഘടപ്പിച്ചത്. സംസ്ഥാനം കരട് ചട്ടം രൂപീകരിച്ചതുമായി ബന്ധപ്പെട്ട് സംഘടനകൾ എതിർപ്പറിയിച്ച പശ്ചാത്തലത്തിലാണ് ചർച്ച. അതെസമയം, തൊഴിലാളികൾക്ക് അനുകൂലമായ നിലപാടാണ് പുതിയ തൊഴിൽ നിയമങ്ങളിൽ ഉള്ളതെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു.

***************

## IITF

ഈ വർഷത്തെ ഇന്ത്യ അന്താരാഷ്ട്ര ട്രേഡ് ഫെയറിന് ഇന്ന് സമാപനമാകും. ഈ മാസം 14 ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിച്ച മെഗാ ആഗോള വ്യാപാര പരിപാടി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെ സമ്പന്നമായ വൈവിധ്യം പ്രദർശിപ്പിച്ചു. ഈ വർഷത്തെ പതിപ്പിൽ ബിഹാർ, മഹാരാഷ്ട്ര, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നിവ പങ്കാളി സംസ്ഥാനങ്ങളും, ഝാർഖണ്ഡ് ഫോക്കസ് സംസ്ഥാനവുമായിരുന്നു.

***************

## IFFI

ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് നാളെ തിരശീല വീഴും. നടൻ രാജേഷ് മാധവൻ ആദ്യമായ് സംവിധാനം ചെയ്ത പെണ്ണും പൊറാട്ടും എന്ന ചിത്രം ഗാല പ്രീമിയർ വിഭാഗത്തിൽ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ പ്രദർശിപ്പിച്ചു. മലയാളത്തിൻറെ അഭിമാന ചിത്രങ്ങളിലൊന്നായ കിരീടം റിസ്റ്റോർഡ് ക്ലാസിക് വിഭാഗത്തിൽ പ്രദർശനത്തിനെത്തി.

***************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 421 പോയിന്റ് ഉയർന്ന് 85,995 ലും നിഫ്റ്റി 92 പോയിന്റ് നേട്ടത്തിൽ 26,296 ലും വ്യാപാരം തുടരുന്നു.
സ്വർണ്ണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 93,680 രൂപയും ഗ്രാമിന് 11,710 രൂപയുമാണ് ഇന്നത്തെ വില.

***************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും

നിർദ്ദേശങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ അറിയിക്കാം.

***************

## Ezhimala

കണ്ണൂർ ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിന് മുന്നോടിയായുള്ള പരിശീലന പ്രദർശനം ഇന്ന് വൈകിട്ട് അക്കാദമി മൈതാനിയിൽ നടക്കും. നാളെ രാവിലെയാണ് ബിരുദദാന ചടങ്ങ്. ശനിയാഴ്ച നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ സംയുക്ത സേന മേധാവി ജനറൽ അനിൽ ചൗഹാൻ മുഖ്യാതിഥിയാകും.

***************

**********

****